# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3608 — 19/02/2013 ൽ മറുപടിക്ക്

## പി.എസ്.സി. വെബ്സൈറ്റ്

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലേക്കുള്ള ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യുമ്പോൾ തന്നെ ഈ വിവരം അതാത് വകുപ്പുകളുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനോ വകുപ്പ് ഡയറക്ടറേറ്റുകളിൽ നോട്ടീസ് ബോർഡുകളിൽ പ്രദർശിപ്പിക്കുന്നതിനോ ഏതെങ്കിലും തരത്തിലുള്ള സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) നിലവിലില്ല. എന്നാൽ 1.6.2012 മുതൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷന് ഒഴിവുകൾ ഇ-മെയിൽ സംവിധാനം വഴി റിപ്പോർട്ട് ചെയ്യണം എന്ന് എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ ആയത് സംബന്ധിച്ച് നടപടി സ്വീകരിക്കുമോ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ സംബന്ധിച്ച വിവരം അതാത് ദിവസം പി.എസ്.സിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) പി.എസ്.സി.യുടെ ആസ്ഥാന/ജില്ലാ/മേഖലാ ആഫീസുകളിൽ വിവിധ തസ്തികകൾക്കായി ദിനം പ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകൾ ശേഖരിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുവാൻ കമ്മീഷൻ പരമാവധി ശ്രമിക്കുന്നുണ്ട്. കൂടാതെ പ്രസ്തുത ഒഴിവുകൾ നിയമന ശിപാർശ ചെയ്യുന്നതുൾപ്പെടെയുള്ള വിവരവും പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ സംബന്ധിച്ച വിവരങ്ങളും അതാത് ദിവസം പി.എസ്.സി. യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ